"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യകുടുംബക്ഷേമ വകുപ്പ്-മെഡിക്കൽ വിദ്യാഭ്യാസം-അക്കാഡമിക്-സർക്കാർ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് പ്രവേശനത്തിനുള്ള സ്പോർട്സ് ക്വാട്ട സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.1857/2023/H&FWD തീയതി,തിരുവനന്തപുരം, 27-07-2023

---

പരാമർശം:-

1. 25.07.2014-സ.ഉ.(സാധാ) നം.2549/2014/ആ.കു.വ.
2. 06.02.2023-ൽ കൂടിയ 2023-24 വർഷത്തെ പ്രൊഫഷണൽ ബിരുദ കോഴ്സുകളുടെ (KEAM) പ്രോസ്പെക്ടസ് റിവാമ്പ്കമ്മിറ്റി മീറ്റിംഗ് തീരുമാനം.
3. 03.05.2023-ലെ സ.ഉ (സാധാ) നം.1139/23/ആ.കു.വ.
4. 6.05.23-ലെ സർക്കാർ കത്ത് നം എസ്3/79/23/ആ.കു.വ
5. ശ്രീ.ഹരികൃഷ്ണൻ മുതലായവർ ഫയൽ ചെയ്ത WP(c) 17980/23-ൽ ബഹു.ഹൈക്കോടതി 05/06/23-ൽ പുറപ്പെടുവിച്ച വിധിന്യായം
6. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 02/03/23-ലെ DME/3511/23/B1നമ്പർ കത്ത്.

**ഉത്തരവ്**

എം.ബി.ബി.എസ് പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലായി 8 എം.ബി.ബി.എസ് സീറ്റുകൾ സ്പോർട്സ് ക്വാട്ട മുഖേന പ്രവേശനം നടത്തുന്നതിനായി മാറ്റി വച്ചിട്ടുണ്ട്. കൂടാതെ 06/02/2023-ൽ കൂടിയ 2023-24 അദ്ധ്യയന വർഷത്തെ പ്രൊഫഷണൽ ബിരുദ കോഴ്സുകളുടെ (KEAM) പ്രോസ്പെക്ടസ് റിവാമ്പ് കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ ഇടുക്കി മെഡിക്കൽ കോളേജിൽ സ്പോർട്സ് ക്വാട്ട മുഖേന നിയമനം നടത്തുന്നതിനായി മുമ്പ് നിലവിലുണ്ടായിരുന്ന ഒരു സീറ്റ് പുന:സ്ഥാപിച്ച് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കൂടാതെ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ എണ്ണത്തിന് ആനുപാതികമായി എം.ബി.ബി.എസ് പ്രവേശനത്തിനുള്ള സ്പോർട്സ് ക്വാട്ട സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശയും പ്രോസ്പെക്ടസ് റിവാമ്പ്കമ്മിറ്റി യോഗം നൽകുകയുണ്ടായി. തുടർന്ന് പ്രോസ്പെക്ടസ് റിവാമ്പ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിലുള്ള റിപ്പോർട്ട് ലഭ്യമാക്കാൻ പരാമർശം (4) ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

ഇതിനിടയിൽ പരാമർശം (4) ലെ സർക്കാർ കത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ 2023-2024-ലെ അഡ്മിഷൻ നടപടികൾ ആരംഭിക്കുന്നതിനുമുൻപ് പൂർത്തിയാക്കാൻ നിർദ്ദേശം നൽകണമെന്ന ആവശ്യത്തിൽ ശ്രീ ഹരികൃഷ്ണൻ മുതലായവർ ബഹ .ഹൈക്കോടതി മുൻപാകെ WP(C) No.17980/2023 ഫയൽ ചെയ്യുകയുണ്ടായി.പ്രസ്തുത കേസിൽ പരാമർശം (5) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ സർക്കാർ ആവശ്യപ്പെട്ട റിപ്പോർട്ട് വിധിന്യായം ലഭിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കേണ്ടതാണെന്നും പ്രസ്തുത റിപ്പോർട്ട് ലഭിച്ച് മൂന്നാഴ്ചയ്ക്കുള്ളിൽ സർക്കാർ തീരുമാനം കൈക്കൊള്ളേണ്ടതാണെന്നും ബഹ.കോടതി ഉത്തരവാകുകയുണ്ടായി.പരാമർശം (6)ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. 06/02/2023-ൽ കൂടിയ 2023-24 അദ്ധ്യയന വർഷത്തെ പ്രൊഫഷണൽ ബിരുദ കോഴ്സുകളുടെ (KEAM) പ്രോസ്പെക്ടസ് റിവാമ്പ്കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിലും, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിലെ ശിപാർശ കണക്കിലെടുത്തും കൊല്ലം, കോന്നി, കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജുകളിലെ ഒരു (1) എം.ബി.ബി.എസ് സീറ്റ് വീതം 2023-2024 അക്കാഡമിക് വർഷം മുതൽ സ്പോർട്സ് ക്വോട്ട മുഖേന പ്രവേശനം നടത്തുന്നതിനായി അനുവദിച്ച് ഉത്തരവാകുന്നു .

2023-24 അക്കാഡമിക് വർഷം മുതൽ പ്രസ്തുത സീറ്റുകൾ വ്യക്തിഗത ഇനങ്ങളിലും ടീം ഇനങ്ങളിലും അനുവദിക്കുന്നതിനുള്ള മാനദണ്ഡം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലുമായി കൂടിയാലോചിച്ച് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കേണ്ടതാണ്.

2023-24 അധ്യയന വർഷത്തെ അംഗീകൃത KEAM പ്രോസ്പെക്ടസിൽ മേൽ പ്രകാരം അടിയന്തിര ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ ഉന്നത വിദ്യാഭ്യാസ വകുപ്പ്/മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

2023-24 അധ്യയന വർഷത്തെയും തുടർന്നുള്ള അധ്യയന വർഷങ്ങളിലെ പ്രോസ്പെക്ടസുകളിലും ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അപ്രകാരം എം ബി ബി എസ് പ്രവേശന നടപടികൾ പൂർത്തിയാക്കുന്നതായും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ/പ്രവേശന പരീക്ഷ കമ്മീഷണർ ഉറപ്പു വരുത്തേണ്ടതാണ്.

WP(c)17980/23-ൽ ബഹ.ഹൈക്കോടതി 05/06/23-ൽ പുറപ്പെടുവിച്ച വിധിന്യായം അപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ ,എറണാകുളം (ആമുഖ കത്ത് സഹിതം)

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

പ്രവേശന പരീക്ഷാ കമ്മീഷണർ തിരുവനന്തപുരം.

കായിക യുവജന കാര്യ ഡയറക്ടർ ,തിരുവനന്തപുരം

എല്ലാ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർക്കും (ഡി എം ഇ മുഖേന )

സെക്രട്ടറി ,കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ തിരുവനന്തപുരം

മാനേജർ, പ്രവേശന മേൽനോട്ട സമിതി ,വഴുതക്കാട്. തിരുവനന്തപുരംപ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,

(ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം .

ഉന്നത വിദ്യാഭ്യാസ (ജി)വകുപ്പ്

കായിക യുവജന കാര്യ (എ) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ ,വെബ് & ന്യൂ മീഡിയ , ഐ &പി ആർ ഡി സെക്രട്ടേറിയറ്റ് തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Muraleedharan Chettiyar
Date: 29-07-2023 06:08:34

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്